**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4360** **18-03-2025 - ൽ മറുപടിയ്ക്ക്**

**മാർമല ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | മാർമല ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രോജക്ടിനു നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | മാർമല ചെറുകിട ജലവൈദ്യുത പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. പദ്ധതിക്കാവശ്യമായ 5.9099 ഹെക്ടർ പട്ടയ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭൂമിയുടെ വില വസ്തു ഉടമകൾക്ക് നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഉൾപ്പെടെയുള്ള മുഴുവൻ തുകയായ 9,37,13,072 രൂപ രണ്ടു ഘട്ടങ്ങളിലായി 7,34,30,000 രൂപ 17.10.2024- ലും 2,02,83,072 രൂപ 13.3.2025-ലും ബോർഡ് സർക്കാരിലേക്ക് അടച്ചിട്ടുണ്ട്. തുടർ നടപടികൾ ത്വരിത ഗതിയിൽ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പ്രൊജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | റവന്യൂ വകുപ്പിൽ നിന്നും സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ ഉടൻതന്നെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനും പദ്ധതി സമയ- ബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ